## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4751** **27/6/2014** ൽ മറുപടിയ്ക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ നെൽവയലുകൾ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഈ വർഷം ഇത് പ്രസിദ്ധീകരിക്കുമോ ;<br>(ബി) തയ്യാറാക്കിയ ഡാറ്റാബാങ്കിന്റെ വിശദാംശങ്ങൾ കൃഷി ഭവനുകൾ തിരിച്ച് ലഭ്യമാക്കുമോ ; | (എ) & (ബി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഡാറ്റാബാങ്ക് കൃഷിഭവൻ, വില്ലേജ് ഓഫീസ്, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ സംയുക്തമായി തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റാബാങ്കിന്റെ പ്രസിദ്ധീകരണത്തിന് വേണ്ടിയുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) 2013-14 കാലയളവിൽ നികത്തിയ വയലുകൾ എത്രയാണ് ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) പ്രസ്തുത നെൽവയലുകൾ നികത്തുന്നതിന്റെ കാരണം ലഭ്യമായിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച പഠനം നടത്തി യിട്ടുണ്ടോ ? | (ഡി) | നെൽകൃഷി ചെയ്യുന്നതിനുള്ള പ്രയാസങ്ങളും കർഷകരുടെ താത്പര്യക്കുറവും വീട് വയ്ക്കുന്നതിനും മറ്റ് നിർമ്മാണ ആവശ്യങ്ങൾക്കും കുറഞ്ഞ നിരക്കിൽ അനുയോജ്യമായ ഭൂമിയുടെ സംസ്ഥാനത്തെ ലഭ്യതക്കുറവും നെൽവയലുകളുടെ നികത്തലിന് കാരണമാകുന്നുണ്ട്. ഇത് സംബന്ധിച്ച പഠനങ്ങൾ കൃഷി വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ അനേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**